# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:14-05-2025**

### പ്രധാനവാർത്തകൾ

1. രാജ്യത്തിൻറെ അഭിമാനം കാത്ത സൈന്യത്തെ അഭിനന്ദിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു; പാക് പിടിയിലായ ബിഎസ്എഫ് ജവാൻ പൂർണം കുമാർ ഷായെ ഇന്ന് രാവിലെ ഇന്ത്യയിലെത്തിച്ചു.

2. ഇന്ത്യയിൽ നിന്ന് ക്ഷയരോഗം നിർമ്മാർജ്ജനം ചെയ്യാൻ വിജയകരമായ തന്ത്രങ്ങൾ വികസിപ്പിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

3. സുപ്രീംകോടതിയുടെ 52-ാമത് ചീഫ് ജസ്റ്റിസായി, ജസ്റ്റിസ് ഭൂഷൺ രാംകൃഷ്ണ ഗവായി സത്യപ്രതിജ്ഞ ചെയ്തു.

4. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ വലിയ തോതിൽ വർദ്ധന ഉണ്ടായതായി മുഖ്യമന്ത്രി പിണറായി വിജയൻ.

5. ഹയർ സെക്കൻഡറി ഒന്നാം വർഷ പ്രവേശനത്തിനുള്ള അപേക്ഷകൾ ഇന്ന് വൈകിട്ടുമുതൽ ഓൺലൈനായി സമർപ്പിക്കാം.

6. ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് നാളെ സമാപിക്കും. 122 മെഡലുകളുമായി മഹാരാഷ്ട്ര മുന്നിൽ.

******************************

RNU TVPM

## രാഷ്ട്രപതി-സൈന്യം

ഓപ്പറേഷൻ സിന്ദൂറിലൂടെ രാജ്യത്തിൻറെ അഭിമാനം കാത്ത സൈന്യത്തെ അഭിനന്ദിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു. സൈനിക മേധാവിമാരുമായി രാഷ്ട്രപതി ദ്രൗപദി മുർമു രാഷ്ട്രപതി ഭവനിൽ കൂടിക്കാഴ്ച നടത്തി. സംയുക്ത സൈനിക മേധാവി ജനറൽ അനിൽ ചൗഹാൻ, കരസേന മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി, വ്യോമസേന മേധാവി എയർ മാർഷൽ എ പി സിങ്, നാവികസേന മേധാവി അഡ്മിറൽ ദിനേശ് കെ ത്രിപാഠി എന്നിവരാണ് രാഷ്ട്രപതിയെ സന്ദർശിച്ചത്. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ സൈന്യത്തിന്റെ ധീരതയെയും പ്രതിബദ്ധതയെയും രഷ്ട്രപതി അഭിനന്ദിച്ചു.

*****************************

## ബിഎസ്എഫ് ജവാൻ

പാകിസ്ഥാൻറെ പിടിയിലായ ബിഎസ്എഫ് ജവാൻ പൂർണം കുമാർ ഷായെ ഇന്ന് രാവിലെ ഇന്ത്യയിലെത്തിച്ചു. പഞ്ചാബിലെ ഫിറോസ്പൂർ സെക്ടറിൽ നിന്നും അബദ്ധത്തിൽ അന്താരാഷ്ട്ര അതിർത്തി കടന്ന പൂർണം കുമാർ ഷായെ കഴിഞ്ഞ മാസം 23നാണ് പാകിസ്ഥാൻ റെയ്ഞ്ചേഴ്സ് കസ്റ്റഡിയിലെടുത്തത്. അമൃത്സറിലെ അട്ടാരി അതിർത്തിവഴി എല്ലാ നടപടിക്രമങ്ങളും പാലിച്ചാണ് ജവാനെ കൈമാറിയത്.

*****************************

## ക്ഷയരോഗ നിർമ്മാർജ്ജനം

ഇന്ത്യയിൽ നിന്ന് ക്ഷയരോഗം നിർമ്മാർജ്ജനം ചെയ്യാനുള്ള രാജ്യത്തിന്റെ പ്രതിബദ്ധത ഊട്ടിയുറപ്പിക്കുന്ന വിജയകരമായ തന്ത്രങ്ങൾ വികസിപ്പിക്കണമെന്ന് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. ദേശീയ ക്ഷയരോഗ നിർമാർജന പരിപാടി സംബന്ധിച്ച ഉന്നതതല അവലോകന യോഗത്തിന്

RNU TVPM

ഇന്നലെ പ്രധാനമന്ത്രിഅധ്യക്ഷത വഹിച്ചു. അടുത്തിടെ സമാപിച്ച 100 ദിന ടിബി മുക്ത് ഭാരത് അഭിയാൻ പരിപാടി അദ്ദേഹം അവലോകനം ചെയ്തു. രാജ്യത്തെ 12.97 കോടിപേരിൽ ക്ഷയരോഗ പരിശോധന നടത്തിയതിൽ 7.19 ലക്ഷം പേരിൽ രോഗം സ്ഥിരീകരിച്ചിരുന്നു.

******************************

## ചീഫ് ജസ്റ്റിസ്-സത്യപ്രതിജ്ഞ.. ഇൻട്രോ

ഇന്ത്യയുടെ 52-ാമത് ചീഫ് ജസ്റ്റിസായി ജസ്റ്റിസ് ഭൂഷൺ രാംകൃഷ്ണ ഗവായി സത്യപ്രതിജ്ഞ ചെയ്തു. രാവിലെ രാഷ്ട്രപതി ഭവനിൽ നടന്ന പ്രത്യേക ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു സത്യവാചകം ചൊല്ലിക്കൊടുത്തു.

(ഹോൾഡ്)

സ്ഥാനമൊഴിഞ്ഞ ജസ്റ്റിസ് സഞ്ജീവ് ഖന്നയുടെ പിൻഗാമിയായാണ് ജസ്റ്റിസ് ബി ആർ ഗവായി ചുമതലയേറ്റത്. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്രമന്ത്രിമാർ, സുപ്രീം കോടതി ജഡ്ജിമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

PNUTVPM

******************************

## മുഖ്യമന്ത്രി (ഇൻട്രോ)

സംസ്ഥാനത്തിൻറെ മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ വലിയ തോതിൽ വർദ്ധന ഉണ്ടായതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പ്രതിശീർഷ വരുമാനം വർദ്ധിപ്പിക്കാനും ജീവിത നിലവാരം ഉയർത്തിക്കൊണ്ടുവരാനും സാധിച്ചു.സംസ്ഥാനത്തിൻറെ ചിലവുകളിൽ സംസ്ഥാന വിഹിതം വർദ്ധിച്ചുവരുന്നുവെന്നും മന്ത്രിസഭയുടെ നാലാം വാർഷികത്തിൻറെ ഭാഗമായി തൃശൂരിൽ ചേർന്ന ജില്ലാതല യോഗത്തിൽ മുഖ്യമന്ത്രി പറഞ്ഞു.

( വോയ്സ്........)

******************************

<u>എൻറെ കേരളം -കൊല്ലം</u>

മന്ത്രിസഭാ വാർഷികാഘോഷത്തിൻറെ ഭാഗമായി സംഘടിപ്പിക്കുന്ന എൻറെ കേരളം പ്രദർശന-വിപണനമേള ഇന്ന് കൊല്ലത്ത് ആരംഭിക്കും. മന്ത്രി കെ. എൻ. ബാലഗോപാൽ ഉദ്ഘാടനം നിർവഹിക്കും.

******************************

<u>ഗവർണർ - വോട്ടർ ഐ ഡി</u>

ഗവർണർ രാജേന്ദ്ര അർലേക്കർ കേരളത്തിലെ വോട്ടറായി. മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ.രത്തൻ യു ഖേൽക്കർ ഇന്നലെ ഗവർണർക്ക് പുതിയ വോട്ടർ തിരിച്ചറിയൽ കാർഡ് കൈമാറി. ഗോവ സ്വദേശിയായ രാജേന്ദ്ര അർലേക്കറെ ബിഹാർ ഗവർണറായിരിക്കെ ജനുവരിയിലാണ് കേരളത്തിലേക്ക് നിയമിച്ചത്.

RNU TVPM

******************************

<u>ബ്രേക്ക്</u>

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും.......

******************************

<u>പ്ലസ് വൺ</u>

സംസ്ഥാനത്ത് ഹയർ സെക്കൻഡറി ഒന്നാം വർഷ പ്രവേശനത്തിനുള്ള അപേക്ഷകൾ ഇന്ന് വൈകിട്ട് നാലു മുതൽ സമർപ്പിക്കാം. 20 വരെ അപേക്ഷിക്കാം. പൊതുവിദ്യാഭ്യാസ വകുപ്പിൻറെ ഹയർ സെക്കൻഡറി പ്രവേശന വെബ് സൈറ്റ്

വഴിയാണ് അപേക്ഷിക്കേണ്ടത്. സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളിലും ഹയർ സെക്കൻഡറി സ്കൂളിലും ഹെൽപ് ഡെസ്ക് സജ്ജമാക്കിയിട്ടുണ്ട്. പട്ടിക ജാതി വികസന വകുപ്പിന് കീഴിലെ ആറ് മോഡൽ റെസിഡൻഷ്യൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ പ്രവേശനം ഈ വർഷം മുതൽ ഏകജാലക സംവിധാനത്തിലൂടെയാണ്.

*****************************

## വന്യജീവി സംഘർഷം (ഇൻട്രോ)

കേരളത്തിൽ, മനുഷ്യ - വന്യജീവി സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചതിൻറെ ഭാഗമായി പുതുക്കിയ ദുരിതാശ്വാസ മാനദണ്ഡം പുറത്തിറക്കി. വന്യജീവി ആക്രമണം മൂലമുള്ള മരണം വനത്തിന് അകത്തു വച്ചാണോ പുറത്തു വച്ചാണോ എന്ന് കണക്കിലെടുക്കാതെ ധനസഹായം അനുവദിക്കും. **വിശദാംശങ്ങളിലേക്ക്.....**

(വോയ്സ്)

*****************************

## സിവിൽ ഡിഫെൻസ്

പ്രകൃതി ദുരന്തങ്ങൾ, അപകടങ്ങൾ, അപ്രതീക്ഷിത സാഹചര്യങ്ങൾ എന്നിവ നേരിടാൻ പരിശീലനം ലഭിച്ച സന്നദ്ധ സേനയെ കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ രാജ്യവ്യാപകമായി മേരാ യുവ ഭാരത് സിവിൽ ഡിഫെൻസ് വോളന്റീർമാരെ തെരഞ്ഞെടുക്കുന്നു. വളണ്ടിയർമാരായി മൈ ഭാരത് പോർട്ട ലിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ദേശീയ, സംസ്ഥാന ദുരന്ത നിവാരണ ഏജൻസികളുമായി ചേർന്ന് വളണ്ടിയർമാർക്ക് ഒരാഴ്ച്ചത്തെ വിദഗ്ദ്ധ പരിശീലനം നൽകും.

*****************************

RNU TVPM

## സ്വാഭിമാന യാത്ര

ഇന്ത്യൻ സൈന്യത്തിനും പ്രധാനമന്ത്രി നരേന്ദ്രമോദിക്കും അഭിവാദ്യം അർപ്പിച്ചു കൊണ്ട് ഇന്ന് തിരുവനന്തപുരത്ത് ത്രിവർണ്ണ സ്വാഭിമാന യാത്ര നടക്കും. വൈകിട്ട് മ്യൂസിയം ജങ്ഷനിൽ നിന്നാരംഭിക്കുന്ന തിരംഗാ യാത്രയിൽ വിമുക്ത ഭടന്മാരും ദേശസ്നേഹികളും അണിചേരും. കാർഗിൽ വീരയോദ്ധാവ് മേജർ ജെറി പ്രേം രാജിൻറെ മാതാവ് അടക്കമുള്ളവർ ത്രിവർണ്ണ സ്വാഭിമാന യാത്രയിൽ അണിചേരും.

******************************

## ലക്ഷ്യ പദ്ധതി (ഇൻട്രോ)

പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത ജോലികളിൽ വഴികാട്ടിയായി സർക്കാർ പദ്ധതിയായ ലക്ഷ്യ. രണ്ടു പേർക്ക് സിവിൽ സർവീസിലും ഒരാൾക്ക് കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിലും പ്രവേശനം സാധ്യമാക്കിയത് ലക്ഷ്യ പദ്ധതിയുടെ നേട്ടമാണ്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.........**

**(വോയ്സ്)**

******************************

## മിനി മാരത്തോൺ

സംസ്ഥാന കായിക വകുപ്പിൻറെ ലഹരിവിരുദ്ധ സന്ദേശ യാത്രയുടെ രണ്ടാം ഘട്ടത്തിന് തിരുവനന്തപുരത്ത് തുടക്കമായി. മന്ത്രി വി അബ്ദുറഹിമാൻ സന്ദേശ യാത്ര ഉദ്ഘാടനം ചെയ്തു. ഇന്ന് വൈകുന്നേരം സെൻട്രൽ സ്റ്റേഡിയത്തിൽ സമാപന സമ്മേളനം നടക്കും.

******************************

RNU TVPM

## ഖേലോ ഇന്ത്യ

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് നാളെ സമാപിക്കും. 122 മെഡലുകളുമായി മഹാരാഷ്ട്ര മുന്നേറ്റം തുടരുകയാണ്. രാജസ്ഥാൻ രണ്ടാം സ്ഥാനത്ത്. ഹരിയാന മൂന്നാമതാണ്.

******************************

## യു പി എസ് സി ചെയർമാൻ

യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ ചെയർമാനായി ഡോ. അജയ് കുമാറിനെ രാഷ്ട്രപതി ദ്രൗപതി മുർമു നിയമിച്ചു. 1985 ബാച്ച് കേരള കേഡറിൽ നിന്ന് വിരമിച്ച ഐ എ എസ് ഉദ്യോഗസ്ഥനാണ് ഡോ. അജയ് കുമാർ. പ്രതിരോധ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

******************************

## ആകാശവാണി-കോഴിക്കോട്

ഇന്ന് കോഴിക്കോട് ആകാശവാണി നിലയത്തിന്റെ 76-ാം പിറന്നാൾ ദിനം. സാർത്ഥകവും സർഗാത്മകവുമായ പ്രക്ഷേപണത്തിൻറെ 75 വർഷങ്ങൾ കോഴിക്കോട് നിലയം പൂർത്തിയാക്കി. കേരളത്തിന്റെ സാഹിത്യ- സാംസ്കാരിക- കലാ രംഗങ്ങളിൽ മായാമുദ്രകൾ പതിച്ച കോഴിക്കോട് നിലയം 1950 മെയ് 14 ന് വൈകിട്ട് 5-15 ന് സായാഹ്ന പ്രക്ഷേപണത്തോടെയാണ് മലബാറിൻറെ ശബ്ദമായി മാറിയത്.

PNUTVPM

******************************

## അഭിഭാഷകയ്ക്ക് മർദ്ദനം

വഞ്ചിയൂർ കോടതിയിൽ അഭിഭാഷകയ്ക്ക് മർദനമേറ്റ സംഭവത്തിൽ പ്രതി ഒളിവിൽ. പാറശാല കോട്ടവിള സ്വദേശി ജെ വി ശ്യാമിലിയെ മർദിച്ച സംഭവത്തിൽ സീനിയർ അഭിഭാഷകൻ വൈ ബെയ്‌ലിൻ ദാസാണ് ഒളിവിൽ പോയിരിക്കുന്നത്. വഞ്ചിയൂർ പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

****************************** ******************************